# കേരള നിയമസഭ
# 12.07.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 12, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 225)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 6545 മുതൽ 6653 വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 6654 മുതൽ 6692 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 6693 മുതൽ 6733 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 6734 മുതൽ 6769 വരെ |

## വൈദ്യുതി ബോർഡിന്റെ ആസ്തി

6545 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിന്റെ ആസ്തി കണക്കെടുപ്പ് പൂർത്തിയാക്കി അവസാന കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബോർഡിന്റെ മൊത്തം ആസ്തി എത്രയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>ഇലക്ട്രിസിറ്റി ബോർഡിന്റെ കടബാദ്ധ്യതകൾ</u>

6546 ശ്രീ. കെ. കെ. നാരായണൻ
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ നിലവിലുളള കടബാദ്ധ്യതകൾ കുടിശ്ശികക്കാരിൽ നിന്നും ലഭിക്കാനുളള തുകയേക്കാൾ കൂടുതലാണോ ; വിശദമാക്കാമോ ;

(ബി) കുടിശ്ശികകാരിൽ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ബോർഡിന് നൽകാനുള്ള കുടിശ്ശിക ഈടാക്കുന്നത് പലിശ സഹിതമാണോ ?

**കേരള നിയമസഭ**

**12.07.2012 -ലെ മറുപടിക്ക്**

**വൈദ്യുതി ബോർഡിന്റെ ബാധ്യത**

**6547 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ബാധ്യത കുറച്ചു കൊണ്ടുവരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കളുടെ വീടുകളിൽ ചെന്ന് വൈദ്യുതി ചാർജ് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ കെ.എസ്.ഇ.ബി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കാതെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>ഊര്‍ജ്ജ ഓഡിറ്റ്</u>**

**6548 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം നടത്തിയിട്ടുള്ള ഊര്‍ജ്ജ ഓഡിറ്റിന്റെ വിശദാംശം നല്‍കുമോ;

(ബി) ഇപ്രകാരം ഓഡിറ്റ് നടത്തി ഗുരുതരമായ വീഴ്ച വരുത്തിയവര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഊർജ്ജസംരക്ഷണ നിയമം നടപ്പാക്കാനുള്ള നോഡൽ ഏജൻസി**

6549 ശ്രീ. ആർ. സെൽവരാജ്
'' സി.പി. മുഹമ്മദ്
'' ജോസഫ് വാഴക്കൻ
'' വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഊർജ്ജസംരക്ഷണ നിയമം നടപ്പാക്കാനുള്ള നോഡൽ ഏജൻസിയായിആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നോഡൽ ഏജൻസിയുടെ പ്രവർത്തന രീതിയും ചുമതലകളും എന്തൊക്കെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഊര്‍ജ്ജ സംരക്ഷണ ഫണ്ട്**

6550 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, ഹൈബി ഈഡന്‍
,, വര്‍ക്കല കഹാര്‍
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജ സംരക്ഷണ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശം നല്‍കുമോ;

(ബി) ആര്‍ക്കാണ് ഈ ഫണ്ടിന്റെ ചുമതല നല്‍കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

6551 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുമെന്നാണ് ഇ.എം.എസി. കണ്ടെത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) പ്രസ്തുതപ്രവർത്തനങ്ങളിലൂടെ ഗാർഹിക-വാണിജ്യ-കാർഷിക-വ്യവസായ മേഖലകളിൽ എത്ര ശതമാനം ഊർജ്ജം ലാഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് ഇ.എം.എസി. നൽകുന്നത് ?

**കേരള നിയമസഭ**

**12.07.2012 -ലെ മറുപടിക്ക്**

**<u>മൂഴിയാറിൽ - വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം</u>**

**6552 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൂഴിയാർ പവ്വർ ഹൗസിലുണ്ടായ ജനറേറ്റർ പൊട്ടിത്തെറിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയത് ആരാണ് ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പവ്വർ ഹൗസിന്റെ പുനരുദ്ധാരണത്തിലൂടെ സ്ഥാപിതശേഷിയേക്കാൾ എത്ര വൈദ്യുതിയാണ് കൂടുതലായി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നത് ;

(സി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) മൂഴിയാർ പവ്വർ ഹൗസിലെ ജനറേറ്റർ പൊട്ടിത്തെറിച്ചതിലൂടെ ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്ത കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വൈദ്യുതിപ്രസരണ ലൈനുകളുടെ ശേഷി**

**6553** **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നിലവിലുള്ള വൈദ്യുതിപ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ പ്രസരണ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദമായ ലിസ്റ്റ് നൽകുമോ;

(സി) വിവിധ തരത്തിലുള്ള തർക്കങ്ങൾ കാരണം പ്രസരണ ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ലൈനുകളുടെ പണിയാണ് മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിൽ എ. പി. റ്റി. എസ്.</u>

6554 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ എ. പി. റ്റി. എസ്.-ന്റെ ഘടനയും പ്രവർത്തനങ്ങളും വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം എ. പി. റ്റി. എസ്. അനധികൃത വൈദ്യുതി ഉപയോഗം സംബന്ധിച്ച് എത്ര കുറ്റകൃത്യങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതെല്ലാമെന്നും പ്രസ്തുത കേസുകളിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി വിതരണം ചെയ്യുന്നതിന് ഏജൻസികൾ**

**6555 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽനിന്നും വൈദ്യുതി വാങ്ങി വ്യവസായങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഏജൻസികൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത ലൈസൻസ് നൽകിയതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; ഏജൻസിയുടെ കമ്മീഷൻ വ്യവസ്ഥകൾ എന്തെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>ബ്രഹ്മപുരം ഡീസൽ നിലയം അടച്ചുപൂട്ടാനുള്ള തീരുമാനം</u>

6556 പ്രൊഫ. സി. രവീന്ദ്രനാഥ്
,, എ. പ്രദീപ്കുമാർ
,, സാജു പോൾ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഡീസൽ നിലയം അടച്ചുപൂട്ടുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷം ഇത്തരം ഒരു തീരുമാനം എടുത്തു ജീവനക്കാരെ പുനർവിന്യസിക്കുന്നതിനിടയിൽ നിലയം വീണ്ടും പ്രവർത്തിപ്പിക്കേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അക്കാര്യവും കൂടി കണക്കിലെടുത്താണോ ഇപ്പോഴത്തെ തീരുമാനമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>എറണാകുളം ബ്രഹ്മപുരം വൈദ്യുതി നിലയം</u>

6557 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ബ്രഹ്മപുരം വൈദ്യുതി നിലയം അടച്ചുപൂട്ടാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിനു മുന്നോടിയായി ഉദ്പാദനം നിർത്തിവച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിലയം അടച്ചുപൂട്ടുന്നതിനുള്ള കാരണമെന്താണ്; ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ദിവസമാണ് ഇവിടെ ഉദ്പാദനം നടന്നത്;

(സി) ഇവിടെ എത്ര ജനറേറ്ററുകളാണ് ഉള്ളത്; ഇതിൽ എത്രയെണ്ണമാണ് ഇപ്പോൾ പ്രവർത്തിപ്പിക്കുന്നത്;

(ഡി) വൈദ്യുതി ഉല്പാദന ചുമതലയുള്ള ഉദ്യോഗസ്ഥരെ രാത്രി ഷിഫ്ടിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത നിലയത്തിലെ വൈദ്യുതി ഉത്പാദനചെലവ് ഇപ്പോൾ യൂണിറ്റിന് എത്രരൂപയാണ്; ഉപയോഗം കൂടിയ അവസരങ്ങളിൽ പുറമേനിന്നും വൈദ്യുതി വാങ്ങുന്നത് യൂണിറ്റിന് എത്ര രൂപയ്ക്കാണെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ടാസ്ക്ഫോഴ്സ്**

6558 **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
'' **കെ. ശിവദാസൻ നായർ**
'' **എം. എ. വാഹീദ്**
'' **പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇതിനായി കെ.എസ്.ഇ.ബി.യുടെ ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ടാക്സ്ഫോഴ്സിനെ ഏൽപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>കേന്ദ്ര വൈദ്യുത പദ്ധതികളുടെ നിർവ്വഹണം</u>**

**6559 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര വൈദ്യുത പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി. കർമ്മ സേനക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ കർമ്മസേനയുടെ ഘടനയും ഉദ്ദേശ ലക്ഷ്യങ്ങളും എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പത്തനംതിട്ട ജില്ലയിലെ വൈദ്യുത പദ്ധതികൾ**

6560 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ ഏതൊക്കെ പദ്ധതികളാണ് നിർമ്മാണത്തിലുള്ളത്;

(സി) ഓരോ പദ്ധതിയും എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പൊതു സ്വകാര്യ മേഖലകളിലെ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ ചെറുകിട വൈദ്യുത പദ്ധതി**

6561 **ശ്രീ. എം ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെങ്കിലും ചെറുകിട വൈദ്യുതി പദ്ധതിക്ക് സ്ഥലം കണ്ടെത്താനായിട്ടുണ്ടോ;

(ബി) വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ജില്ലയിലെ ജല സ്രോതസ്സുകളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(സി) കാറ്റിന്റെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കാനാവുന്ന ഏതെല്ലാം സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത സ്ഥലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ജില്ലയിലെ കിഴക്കൻ മലനിരകളിൽ ചെറുകിട വൈദ്യുത പദ്ധതി കൂടുതൽ സാധ്യത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയിലും ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ബി.പി.എൽ. ലിസ്റ്റിലുള്ളവർക്ക് അപേക്ഷിച്ച ഉടൻ വൈദ്യുതി കണക്ഷൻ**

6562 **ശ്രീ. സാജുപോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അപേക്ഷിച്ച ഉടൻ വൈദ്യുതി കണക്ഷൻ ലഭിക്കാൻ കേരളത്തിൽ സംവിധാനമുണ്ടോ ; ഉണ്ടെങ്കിൽ, വിശദവിവരം നൽകാമോ ;

(ബി) 2012 മെയ് 31 വരെയുള്ള കാലയളവിൽ അപേക്ഷിച്ച ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരിൽ എത്ര പേർക്ക് ഇനി കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര ഇലക്ട്രിക് പോസ്റ്റ് വരെ സൗജന്യമായി നൽകുന്നുണ്ട് ;

(ഡി) ഈ വിഭാഗക്കാർക്ക് അപേക്ഷിച്ച ഉടൻ കണക്ഷൻ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത നിരക്കിലെ വർദ്ധന</u>

6563 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് ഏതെല്ലാം ഇനത്തിൽ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി കണക്ഷൻ നല്കുന്നതിന് ഡിപ്പോസിറ്റ് പിരിക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**ഗാർഹിക വൈദ്യുതി നിരക്ക് വർദ്ധന**

6564 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകൾ വ്യക്തമാക്കുമോ;

(ബി) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നവർ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്കുള്ള നിരക്ക് വർദ്ധന സംബന്ധിച്ച കമ്മീഷൻ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ വൈദ്യുതി നിരക്ക് വർദ്ധന സംബന്ധിച്ച ശുപാർശകൾ അതേപടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>നിലവാരം കുറഞ്ഞ വൈദ്യുതി പോസ്റ്റുകൾ</u>

6565 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവാരം കുറഞ്ഞ പോസ്റ്റുകളാണ് വൈദ്യുതി വകുപ്പ് കാസർഗോഡ് ജില്ലയിൽ ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ കമ്പനിയിൽ നിന്ന് കരാർ അടിസ്ഥാനത്തിൽ വാങ്ങുന്ന ഇത്തരം പോസ്റ്റുകൾ ഒടിഞ്ഞ് അപകടങ്ങൾ ഉണ്ടായിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പോസ്റ്റിന്റെ നിർമ്മാണത്തിലെ അപാകം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഇ) പോസ്റ്റിന്റെ നിർമ്മാണവേളയിൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥന്മാരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**എൽ.എൻ.ജി ടെർമിനൽ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദനം**

6566 ശ്രീ. എസ്. ശർമ്മ
,, കെ.കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പണി പൂർത്തിയായി വരുന്ന എൽ.എൻ.ജി ടെർമിനൽ ഉപയോഗപ്പെടുത്തി കേരളത്തിൽ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എൽ.എൻ.ജി യുടെ വില ഇറക്കുമതി ചെയ്യുന്ന പെട്രോളിയം വിലക്കനുസൃതമായി നിശ്ചയിക്കുന്നത് സംസ്ഥാന താൽപ്പര്യങ്ങൾക്ക് എതിരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി</u>

6567 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' സി. മോയിൻകുട്ടി
'' പി. ബി. അബ്ദുൾ റസാക്
'' കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വീടുകൾ, ഓഫീസുകൾ, ചെറുവ്യവസായങ്ങൾ എന്നിവയ്ക്ക് ആവശ്യമുള്ള വൈദ്യുതി അവരവർതന്നെ സൗരോർജ്ജം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) അത്തരമൊരു പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നല്കാമോ ;

(സി) വീടുകളിൽ ഉപയോഗിക്കാവുന്ന ചെറുയൂണിറ്റുകളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അപ്രകാരമുള്ള ഒരു യൂണിറ്റിന് എന്ത് ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ബഹുനില കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കാൻ നടപടി**

6568 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബഹുനില കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ. വിശദമാക്കുമോ;

(ബി) ഇതിനായി നിയമ നിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നല്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>കടലിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി</u>

6569 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടലിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ജലത്തിൽ നിന്നും ഹൈഡ്രജൻ വേർതിരിച്ച്**
**ഊർജ്ജം ഉത്പാദിപ്പിക്കുന്ന സാങ്കേതിതവിദ്യ**

**6570 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലത്തിൽ നിന്നും ഹൈഡ്രജൻ വേർതിരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ സംബന്ധിച്ച പഠനം സംസ്ഥാന ഊർജ്ജവകുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനം നടത്തുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; എന്ന് റിപ്പോർട്ട് സമർപ്പിക്കാനാണ് പ്രസ്തുത ഏജൻസിയോട് ആവശ്യപ്പെട്ടി രിക്കുന്നത്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പാരമ്പര്യേതര വൈദ്യുതി ഉല്പാദന മാർഗ്ഗങ്ങൾ**

6571 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര വൈദ്യുതി ഉല്പാദന മാർഗ്ഗങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സൗരോർജ്ജ പാനൽ ഘടിപ്പിക്കുന്നതിന് വായ്പയിനത്തിലും സബ്സിഡിയിനത്തിലുമായി എന്ത് തുക ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജോല്പാദനം മൊത്തം ഊർജ്ജോല്പാദനത്തിന്റെ എത്ര ശതമാനം വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പാരമ്പര്യേതര ഊർജ്ജോല്പാദനത്തെ സംബന്ധിച്ച് പഠനം നടത്തിയ ജർമ്മൻ സംഘത്തിന്റെ കണ്ടെത്തലുകൾ ഏന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി മോഷണം**

**6572 ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ അനധികൃതമായി വൈദ്യുതി ഉപയോഗിക്കുന്നത് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അനധികൃത മായി വൈദ്യുതി ഉപയോഗിച്ച സ്ഥാപനങ്ങളുടെ പേരും മോഷണ രീതിയും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കഞ്ചിക്കോട് മേഖലയിൽ എത്ര പ്രാവശ്യം പരിശോധന നടത്തിയിട്ടുണ്ട്;ഏറ്റവും ഒടുവിൽ നടത്തിയ പരിശോധന എന്നായിരുന്നു;

(സി) എത്ര കിലോ വാട്ട് വൈദ്യുതിയുടെ മോഷണമാണ് പ്രസ്തുത പരിശോധനകളിലൂടെ കണ്ടെത്തിയിട്ടുള്ളത്; നിലവിലുള്ള നിരക്കനുസരിച്ച് എന്തു തുകയ്ക്കുള്ള വൈദ്യുതിയാണ് മോഷ്ടി ക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടെ പ്രസ്തുത മേഖലയിൽ ഒരു സ്ഥാപനത്തിൽ നിന്നും മറ്റൊരു സ്ഥാപനത്തിലേക്ക് ഭൂമിക്കടിയിലെ കേബിൾ വഴി വൈദ്യുതി മോഷ്ടിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥാപനത്തിന്റെ പേരും, എന്ന് മുതലാണ് ഇപ്രകാരം മോഷണം തുടങ്ങിയതെന്നും, എത്ര കിലോ വാട്ട് വൈദ്യുതിയാണ് മോഷ്ടിച്ചതെന്നും, ഇപ്പോഴത്തെ നിരക്ക് അനുസരിച്ച് എന്തു തുകയ്ക്കുള്ള വൈദ്യുതിയാണ് മോഷ്ടിച്ചതെന്നും വ്യക്തമാക്കുമോ;

(ഇ) അതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന് ബിൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**അനധികൃത വൈദ്യുതി ഉപയോഗം തടയാൻ നടപടി**

6573 ശ്രീ. ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനധികൃത വൈദ്യുതി ഉപയോഗം തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എ. പി. റ്റി. എസ് ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എ. പി. റ്റി. എസ് -ന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**അനധികൃത കണക്ഷൻ ചാർജ്ജ്**

**6574 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുമ്പോൾ വീടുകളിൽ നിന്നും കണക്ഷൻ ചാർജ്ജ് എന്ന പേരിൽ ഓവർസിയറും, ലൈൻമാൻമാരും അനധികൃതമായി തുക കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരം തുക ഈടാക്കുന്ന വൈദ്യുതി ബോർഡ് ജീവനക്കാർക്കെതിരെയും കോൺട്രാക്ടർമാർക്കെതിരെയും നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതി കണക്ഷൻ നല്കാനെത്തുന്ന ഉദ്യോഗസ്ഥർക്ക് കണക്ഷൻ ചാർജ്ജ് നൽകേണ്ടതില്ല എന്ന കാര്യം മാധ്യമങ്ങളിലൂടെ പൊതുജനശ്രദ്ധയിൽകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിലൂടെയുള്ള വരുമാനം**

**6575 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മീറ്റർ തകരാർ മൂലം ഇലക്ട്രിസിറ്റി ബോർഡിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി മീറ്റർ മാറ്റിവക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ചാരുമ്മൂട്, മാവേലിക്കര, നൂറനാട് സെക്ഷനുകളിൽ എത്ര മീറ്ററുകൾ മാറ്റി വെച്ചിട്ടുണ്ട്; കേടായ മീറ്ററുകൾ മാറ്റി വെച്ചത് മൂലം വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) പാലമേൽ പഞ്ചായത്തിലെ പള്ളിക്കൽ വാർഡിലെ രൂക്ഷമായ വൈദ്യുതി ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**തെരുവുവിളക്കുകൾ**

**6576** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ വിവിധ നഗരസഭാ വാർഡു കളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് തിരുവനന്തപുരം നഗരസഭയുടെ എത്ര അപേക്ഷകൾ ബന്ധപ്പെട്ട വൈദ്യുതി ബോർഡ് ഓഫീസുകളിൽ ഇനിയും നടപടി സ്വീകരിക്കാതെ അവശേഷിക്കുന്നുണ്ട്;

(ബി) എങ്കിൽ അവയുടെ വാർഡുതിരിച്ചുള്ള പട്ടിക, പ്രസ്തുത അപേക്ഷകൾ ഡെപ്പോസിറ്റു സഹിതം നഗരസഭയിൽ നിന്നും വൈദ്യുതി ബോർഡിൽ ലഭിച്ച തീയതി എന്നിവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്ന് നടപടി സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പഞ്ചായത്തുകളിലെ തെരുവു വിളക്കുകള്‍**

6577 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുകളിലെ തെരുവു വിളക്കുകള്‍ നന്നാക്കുന്ന ചുമതല യില്‍ നിന്നും കെ.എസ്.ഇ.ബി ഒഴിഞ്ഞതായി കാണിക്കുന്ന സര്‍ക്കുലര്‍ ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ പഞ്ചായത്തുകളിലെ സ്ട്രീറ്റ്ലൈറ്റുകളുടെ റിപ്പയര്‍വര്‍ക്കുകള്‍ നടക്കാത്തത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(സി) സ്ട്രീറ്റ്ലൈറ്റിനായി പഞ്ചായത്തുകള്‍ ഇലക്ട്രിസിറ്റി ബോര്‍ഡില്‍ ഇപ്പോള്‍ അടച്ചുകൊണ്ടിരിക്കുന്ന ''ഫിക്സഡ് താരിഫില്‍'' റിപ്പയര്‍ ചാര്‍ജ്ജ് ഉള്‍പ്പെട്ടിട്ടുണ്ടോ;

(ഡി) പഞ്ചായത്തു സ്ട്രീറ്റ്ലൈറ്റുകളുടെ അറ്റകുറ്റപണികള്‍ യഥാസമയം നടത്തി, തെരുവുവിളക്കുകള്‍ പ്രകാശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി സെക്ഷന്‍ ഓഫീസുകള്‍ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍**

6578 ശ്രീ. ഇ. പി. ജയരാജന്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി സെക്ഷന്‍ ഓഫീസുകള്‍ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണ്;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പ്രസ്തുത മാനദണ്ഡങ്ങളില്‍ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) 20,000 ലേറെ ഉപഭോക്താക്കളുള്ള എത്ര സെക്ഷന്‍ ഓഫീസുകള്‍ ഉണ്ട്; ഇവ വിഭജിച്ച് പുതിയ സെക്ഷന്‍ ഓഫീസുകള്‍ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പുതിയ ഇലക്ട്രിക്കല്‍ ഡിവിഷന്‍ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ആവശ്യകതയുള്ള പ്രദേശങ്ങളില്‍ ഡിവിഷന്‍ ഓഫീസുകള്‍ അനുവദിക്കാതെ മറ്റ് പ്രദേശങ്ങളില്‍ അവ അനുവദിക്കാനുണ്ടായ കാരണമെന്ത്; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**നേമം നിയോജക മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ**

6579 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നേമം നിയോജക മണ്ഡലത്തിലെ വിവിധ നഗരസഭാ വാർഡുകളിലെ ദരിദ്ര വിഭാഗങ്ങളിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ എല്ലാ വിശദാംശങ്ങളും വാർഡു തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ സബ് സ്റ്റേഷൻ**

6580 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) കരിപ്പൂരിലെ 11 കെ. വി. സബ് സ്റ്റേഷൻ, പുളിക്കൽ, കാരാട് എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ നിർദ്ദേശമുണ്ടായിരുന്ന സബ് സ്റ്റേഷനുകൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോഡൽ സെക്ഷൻ ഓഫീസുകൾ**

6581 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മോഡൽ സെക്ഷൻ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;**

(ബി) **ഇവയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഏച്ചൂര്‍ സെക്ഷനാഫീസില്‍ നിന്നും കണ്‍സ്യൂമര്‍മാരെ മാറ്റുന്നതിനുള്ള തീരുമാനം**

6582 **ശ്രീ. ജെയിംസ് മാത്യൂ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ ഏച്ചൂര്‍ സെക്ഷനാഫീസിനു കീഴില്‍ നിലവില്‍ എത്ര ഉപഭോക്താക്കളുണ്ട്;

(ബി) ഉപഭോക്താക്കളുടെ എണ്ണം എത്ര കണ്ട് വര്‍ദ്ധിക്കുമ്പോഴാണ് നിലവിലുള്ള സെക്ഷനാഫീസുകള്‍ വിഭജിക്കുന്നത്; ഇപ്രകാരം വിഭജിക്കപ്പെടുന്ന സെക്ഷന്‍ ഓഫീസുകളില്‍ എത്ര ഉപഭോക്താക്കളാണ് ഉണ്ടായിരിക്കേണ്ടത്;

(സി) മയ്യില്‍ സെക്ഷനാഫീസിനു കീഴില്‍ എത്ര ഉപഭോക്താക്കളുണ്ട്;

(ഡി) ഏച്ചൂര്‍ സെക്ഷനാഫീസില്‍ നിന്നും മയ്യില്‍ ആഫീസിനു കീഴിലേക്ക് ഉപഭോക്താക്കളെ മാറ്റുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കില്‍ അപ്രകാരം മാറ്റുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണം**

6583 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം കോളനി തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത വീടുകൾ വൈദ്യുതീകരിക്കുന്നതിന് നിലവിൽ ഏതെങ്കിലും പദ്ധതികൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) മാവേലിക്കര മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതെല്ലാം സെക്ഷനുകളിലാണെന്നും ഇതിനായി എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ നഗരത്തിലെ വൈദ്യുതിമുടക്കം**

6584 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലും പരിസരപ്രദേശങ്ങളിലും പതിവായി വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>കെ. എസ്. ഇ. ബി.-കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ</u>

6585 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിന്റെ കാസറഗോഡ് ജില്ലയിലെ ഓഫീസുകളിൽ ഒഴിവുള്ള വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കുന്ദമംഗലം നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

6586 **ശ്രീ. പി. റ്റി. എ. റഹിം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എത്ര രൂപക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്;

(ബി) ഇതിനാവശ്യമായ തുക യു. സി. രാമൻ എം. എൽ. എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് അനുവദിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**അങ്കമാലി ട്രാൻസ്മിഷൻ സ്റ്റോർ**

**6587 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ചമ്പന്നൂർ വ്യവസായ മേഖലയോട് ചേർന്ന് കിടക്കുന്നതും 1970-ൽ പ്രവർത്തനം ആരംഭിച്ചതുമായ കെ.എസ്.ഇ.ബി.യുടെ ട്രാൻസ്മിഷൻ സ്റ്റോർ പ്രവർത്തിക്കുന്ന 16 ഏക്കറോളം വരുന്ന സ്ഥലം ഉപയോഗ്യയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തിലെ നൂറുകണക്കിന് സബ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന സി.റ്റി, പി.റ്റി, സി.പി.റ്റി തുടങ്ങിയ ഉപകരണങ്ങൾ റിപ്പയറിംഗ് ചെയ്യുന്നതിനുള്ള റിപ്പയറിംഗ് യൂണിറ്റും വൈദ്യുതോപകരങ്ങൾ ടെസ്റ്റ് ചെയ്യുന്നതിനായി ആധുനിക ടെസ്റ്റിംഗ് ലാബും ഈ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കുണ്ടറ കെ. എസ്. ഇ. ബി. ട്രാൻസ്ഫോർമർ യൂണിറ്റ്**

**6588 ശ്രീ. എം. എ. ബേബി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.യുടെ റീജിയണൽ സ്റ്റോർ കുണ്ടറയിൽ നിന്നും മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കുണ്ടറയിൽ കെ. എസ്. ഇ. ബി.യുടെ ട്രാൻസ്ഫോർമർ യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.07.2012 –ലെ മറുപടിക്ക്

**<u>തൃക്കാക്കര സബ് സ്റ്റേഷൻ</u>**

**6589 ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര സബ്സ്റ്റേഷനിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം കൂടുതലാണെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സബ് സ്റ്റേഷൻ പരിധിയിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനും, ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് വിഭജിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കുറ്റ്യാട്ടൂരിൽ ഇലക്ട്രിക്കൽ സെക്ഷനാഫീസ്**

**6590**

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ പഞ്ചായത്തിൽ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുളള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് അറിയിക്കാമോ;

(സി) കുറ്റ്യാട്ടൂർ, കൊളച്ചേരി പഞ്ചായത്തിലെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കുറ്റ്യാട്ടൂർ പഞ്ചായത്തിലെ ചെറവത്തലമൊട്ടയിൽ സെക്ഷനാഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**വൈദ്യുതി ബോർഡിലെ പുതുക്കിയ പെൻഷൻ**

**6591** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ പെൻഷൻ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(ഡി) ഉത്തരവ് നടപ്പാക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; പുതുക്കിയ പെൻഷൻ നൽകാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സർവ്വെ**

**6592 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സർവ്വെ പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി ബോർഡ് നേരിട്ട് നടപ്പാക്കുന്നത്;

(ഡി) ചെറുകിട പദ്ധതികൾ സ്വകാര്യ മേഖലയ്ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പുന്നപ്ര കെ.എസ്.ഇ.ബി. സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം**

6593 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര കെ.എസ്.ഇ.ബി. സബ്ഡിവിഷൻ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് കെട്ടിട ഉടമ ആവശ്യപ്പെട്ടിരിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുന്നപ്ര ട്രാൻസ്മിഷൻ ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ പ്രസ്തുത കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വെറുതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സ്ഥലത്ത് പുന്നപ്ര കെ.എസ്.ഇ.ബി സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വൈദ്യുതി പ്രോജക്ട് ഏരിയകളിലുള്ള ഒഴിവുകൾ**

6594 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രോജക്ട് ഏരിയകളിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉണ്ടെന്നും അവ എന്നു നിലവിൽ വന്നതാണെന്നും വെളിപ്പെടുത്തുമോ;

(സി) പദ്ധതി പ്രദേശങ്ങളിൽ ഒഴിവുകൾ ഉണ്ടെങ്കിൽ അവ നികത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഊര്‍ജ്ജവകുപ്പില്‍ എഞ്ചിനീയര്‍മാരുടെ ഒഴിവുകള്‍**

**6595 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ഊര്‍ജ്ജവകുപ്പില്‍ അസിസ്റ്റന്റ് എഞ്ചിനീയര്‍, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ എന്നീ തസ്തികകളില്‍ എത്ര ഒഴിവുകള്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സബ് എഞ്ചിനീയര്‍ തസ്തികയില്‍ നിന്നും അസിസ്റ്റന്റ് എഞ്ചിനീയര്‍ തസ്തികയിലേക്ക് പ്രമോഷന്‍ നടത്തിയിട്ടുണ്ടോ; എങ്കില്‍ ഏറ്റവും ഒടുവില്‍ പ്രമോഷന്‍ നടത്തിയത് എന്നാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കില്‍ അതിനു കാരണമെന്ത്; എന്ന് പ്രൊമോഷന്‍ നടത്താനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മെയിന്റനന്‍സ് ജോലികള്‍ക്ക് ആവശ്യമായ ജീവനക്കാര്‍**

**6596** **ശ്രീ. എ.കെ. ബാലന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) **മെയിന്റനന്‍സ് ജോലികള്‍ യഥാസമയം നടത്താത്തതുമൂലം വൈദ്യുതി തകരാറുകളും വിതരണ നഷ്ടവും വര്‍ദ്ധിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

(ബി) **സെക്ഷനാഫീസുകളില്‍ മെയിന്റനന്‍സ് ജോലികള്‍ ചെയ്യുന്നതിന് ഇപ്പോള്‍ ജീവനക്കാരുടെ കുറവുണ്ടോ; ഉണ്ടെങ്കില്‍ ഏതെല്ലാം തസ്തികകളില്‍ എത്ര ജീവനക്കാരുടെ കുറവാണ് ഉളളതെന്ന് വ്യക്തമാക്കുമോ;**

(സി) **സെക്ഷനാഫീസുകളില്‍ മെയിന്റനന്‍സ് ജോലികള്‍ക്കുള്ള സാധന സാമഗ്രികളില്‍ കുറവ് നേരിടുന്നുണ്ടോ; ഇതുമൂലം മെയിന്റനന്‍സ് ജോലികള്‍ മുടങ്ങുന്ന സാഹചര്യമുണ്ടോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ റെയിൽവേ വികസനം</u>

6597 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി എന്തെല്ലാം പദ്ധതികളും മറ്റാവശ്യങ്ങളുമാണ് കേന്ദ്ര റെയിൽവേ വകുപ്പിനോട് ആവശ്യപ്പെട്ടതെന്ന് വിശദ മാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലും, മറ്റാവശ്യങ്ങളിന്മേലും കേന്ദ്രസർക്കാർ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി ഓരോ പദ്ധതിയുടേയും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും അവയ്ക്കായി എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോണോ റെയിൽ പദ്ധതികൾ**

6598 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മോണോ റെയിൽ പദ്ധതികൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) നാറ്റ്പാക്കിന്റെ പഠനപ്രകാരം ഈ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് എത്ര ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**റെയിൽവേ സ്റ്റേഷനുകളിലെ പാർക്കിംഗ് ചാർജ്**

6599 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**റെയിൽവേ സ്റ്റേഷനുകളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെ ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലുമുള്ള വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് വ്യക്തമാക്കുമോ?**

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>ട്രെയിനുകളിലെ ഭക്ഷണവിതരണം</u>**

**6600 ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ ഓടുന്ന ട്രെയിനുകളില്‍ യാത്രക്കാര്‍ക്ക് നല്‍കുന്ന ഭക്ഷണസാധനങ്ങളും അവ വിതരണം ചെയ്യുന്ന പാത്രങ്ങളും എപ്രകാരമുള്ളതായിരിക്കണമെന്നത് സംബന്ധിച്ചും യാത്രക്കാരുടെ ആരോഗ്യസുരക്ഷ, സാധനങ്ങളുടെ ന്യായവില എന്നിവ സംബന്ധിച്ചും നിവേദനങ്ങളോ പരാതികളോ നിര്‍ദ്ദേശങ്ങളോ ഈ സര്‍ക്കാര്‍ കേന്ദ്ര റെയില്‍വേ മന്ത്രാലയത്തിന് നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇവയുടെ പകര്‍പ്പുകള്‍ ലഭ്യമാക്കുമോ;

(ബി) ചെന്നൈ മെയില്‍ ട്രെയിനില്‍ 'ബെയര്‍' എന്ന കീടനാശിനി കമ്പനിയുടെ കീടനാശിനി കവര്‍ പുനരുപയോഗപ്പെടുത്തി നിര്‍മ്മിച്ച പ്ലെയിറ്റുകളില്‍ ഭക്ഷണം വിതരണം ചെയ്ത സംഭവം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ സംസ്ഥാന സര്‍ക്കാര്‍ അതിന്‍മേല്‍ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പുനലൂർ- ചെങ്കോട്ട ഗേജ് മാറ്റം**

6601 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുനലൂർ- ചെങ്കോട്ട ഗേജ് മാറ്റം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കും; ഗേജ് മാറ്റത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; സ്റ്റേഷനുകൾ നവീകരിക്കുന്നതിന് പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എം.സി. റോഡിന് സമാന്തരമായി റെയിൽപ്പാത നിർമ്മിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി**

**6602** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിഗണനയിലിരിക്കുന്ന ഭേദഗതികൾ ഏതെല്ലാമെന്നും ഭേദഗതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത് എന്താണെന്നും വ്യക്തമാക്കുമോ;

(സി) വാഹന നിയമത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ, ടാക്സി, ഓട്ടോ, ടെമ്പോ വാഹനങ്ങളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം**

6603 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പുതിയ സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനം ഏതെല്ലാം മേഖലകളിൽ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ സ്ക്വാഡുകളുടെ പ്രവർത്തനം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

**6604**

**ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ വാഹനപ്പെരുപ്പത്തിനനുസൃതമായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാത്തതു കാരണം പൊതുജനങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങൾക്ക് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് അപകടം കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിനും ടി. പി. സെൻകുമാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മോട്ടോർ വാഹന വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം**

6605 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം കൂടുതൽ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ബുധനാഴ്ച ദിവസങ്ങളിൽ നികുതി പിരിവിനൊപ്പം മറ്റു സേവനങ്ങൾ കൂടി മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; ഇത് എല്ലാ ഓഫീസുകളിലും നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) വാഹന ഉടമകളുടെ പേരു ചെയ്ഞ്ചു ചെയ്യൽ, ഹൈപ്പോത്തിക്കേഷൻ മാറ്റൽ എന്നിവ ഒരു ദിവസം കൊണ്ട് നടപ്പിൽ വരുത്തുവാൻ വകുപ്പ് നിലവിൽ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിൽ പോസ്റ്റൽ സംവിധാനം നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) രജിസ്ട്രേഷൻ സംസ്ഥാനത്ത് എവിടെയും നടത്തുവാൻ അവസരമൊരുക്കുമോ ; ഇതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടോ ;

(എഫ്) സംസ്ഥാനത്ത് എവിടെയും ടാക്സ് സ്വീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകളിലെ നികുതി പിരിവ്**

**6606 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബുധനാഴ്ചകളിലും മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകളിൽ നികുതി പിരിവിനൊപ്പം മറ്റ് സേവനങ്ങൾ കൂടി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുമോ;

(ബി) മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ വിശ്വാസ്യത കൈവരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ആർ.ടി. ഓഫീസുകളിൽ ഇടനിലക്കാരുടെ ഇടപെടൽ തടയാൻ നടപടി**

6607 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിലെ ബയോമെട്രിക് ഹാജർ സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സിസ്റ്റം നിലവിൽ വരുന്നതോടെ ഇടനിലക്കാരുടെ ഇടപെടൽ ഏതു തരത്തിൽ ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്;

(സി) ബയോമെട്രിക് ഹാജർ സംവിധാനവും ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡുകളും ഏർപ്പെടുത്തിയതിനെ തുടർന്ന് ഇത് നിരീക്ഷിക്കാനും അഴിമതി നടത്തുന്നവരെ കണ്ടെത്തുവാനും എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ആർ.ടി.ഒ. ആഫീസുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർ**

6608 **ശ്രീ. സി. മമ്മൂട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനരജിസ്ട്രേഷൻ നടക്കുന്ന സബ്ബ് ആർ.ടി.ഓഫീസ് ഏതാണ് ;

(ബി) കേരളത്തിൽ സബ്ബ് ആർ.ടി. ഓഫീസുകളിൽ നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ ഏറ്റവും കുറവ് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സബ്ബ് ആർ.ടി. ഓഫീസ് ഏതാണ് ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനം രജിസ്റ്റർ ചെയ്യുന്ന സബ്ബ് ഓഫീസിലെയും ഏറ്റവും കുറഞ്ഞ വാഹന രജിസ്ട്രേഷൻ നടക്കുന്ന സബ്ബ് ആർ.ടി. ഓഫീസിലെയും സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം ഒരേപോലെയാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേരളത്തിൽ കൂടുതൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്ന ആർ.ടി. ഓഫീസുകളിൽ വാഹനങ്ങളുടെ സാന്ദ്രതയ്ക്കനുസൃതമായി കൂടുതൽ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**12.07.2012 -ലെ മറുപടിക്ക്**

**<u>ജീവൻ സുരക്ഷാ പദ്ധതി</u>**

6609 **ശ്രീ. കെ. മുരളീധരൻ**
,, **ഹൈബി ഈഡൻ**
,, **പി. സി. വിഷ്ണുനാഥ്**
,, **വർക്കല കഹാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ജീവൻ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;**

(ബി) **ബോട്ടുകളിലെ യാത്രാക്കാരുടെയും ജീവനക്കാരുടെയും ജീവൻ സുരക്ഷാ ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;**

(ഡി) **ആവശ്യമുളള ലൈഫ് ജാക്കറ്റുകളും ജീവൻ രക്ഷാ ഉപകരണങ്ങളും ബോട്ടിൽ നിർബന്ധമായും സൂക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**റോഡപകടങ്ങൾ കുറയ്ക്കുന്നതു സംബന്ധിച്ച ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട്**

6610 **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ടി ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(സി) ഈ ശുപാർശകളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**റോഡപകടങ്ങൾ - ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട്**

6611 **ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ. എ. എം. ആരിഫ്**
**,, കെ. വി. വിജയദാസ്**
**,, ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാനുദ്ദേശിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(സി) മോട്ടോർ വാഹനവകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ നിർദ്ദേശമുണ്ടായിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>വാഹനാപകടങ്ങളെക്കുറിച്ചുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ</u>

6612 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ വിവിധ വാഹനാപകടങ്ങളെക്കുറിച്ചുള്ള അന്വേഷണം നടത്തുന്നതിന് സർക്കാർ നിശ്ചയിച്ച കമ്മീഷനുകളുടെ റിപ്പോർട്ടിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം റിപ്പോർട്ടുകളിന്മേലാണ് ഇനിയും നടപടി സ്വീകരിക്കാനുള്ളത്;

(സി) വിവിധ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭാവിയിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ടി മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും എന്തെല്ലാം ഭേദഗതികൾ ഇതുവരെ വരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എൻഫോഴ്സുമെന്റ് സ്ക്വാഡുകൾ**

**6613** **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സുമെന്റ് സ്ക്വാഡുകൾ അനുവദിക്കുവാൻ മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത സ്ക്വാഡുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഏതെങ്കിലും ജില്ലയെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) റോഡപകടങ്ങൾ സംസ്ഥാനത്താകെ നടക്കുന്നതിനാൽ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ**

6614 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ നികുതി അടക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആർ.റ്റി ഓഫീസുകളിൽ ഫീസുകൾ സ്വീകരിക്കുന്ന സമയം ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ.ടി.ഡി.എഫ്.സി.യും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സംയുക്ത സംരംഭങ്ങൾ**

6615 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ് കുമാർ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി.യും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സംയുക്ത സംരംഭമായി ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ഏതെല്ലാം പദ്ധതികളുടെ പണി പൂർത്തിയായി;

(സി) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ പ്രവർത്തനം ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം ബസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുതുതായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) മുൻ തീരുമാനമനുസരിച്ച് തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നു; ഇക്കാര്യത്തിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക</u>

6616 ശ്രീ. എം. എ. ബേബി
,, വി. ശിവൻകുട്ടി
,, കെ. വി. വിജയദാസ്
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമാകുന്നതായി കരുതുന്നുണ്ടോ;

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് 2010 മാർച്ച് 31-ലെ സി&എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2006-08ലെ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>ഇന്ധന ഉപയോഗം പരിമിതപ്പെടുത്തുന്നതിന് നടപടി</u>

6617 ശ്രീ. പി. കെ. ബഷീര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വാഹന ഇന്ധന വിലവര്‍ദ്ധനയും ഇന്ധന ഉറവിടങ്ങള്‍ ശോഷിച്ചുവരുന്ന സാഹചര്യവും കണക്കിലെടുത്ത് സംസ്ഥാനത്ത് ഉപയോഗത്തിലുള്ള വാഹനങ്ങളുടെ ഇന്ധന ഉപയോഗം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) വാഹനങ്ങളുടെ ഇന്ധനക്ഷമത വര്‍ദ്ധിപ്പിക്കുക, ഇന്ധന ഉപയോഗത്തില്‍ നിയന്ത്രണമേര്‍പ്പെടുത്തുക, വേസ്റ്റേജ് ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളില്‍ ശ്രദ്ധ ചെലുത്തി വിദേശനാണയനഷ്ടം കുറയ്ക്കുന്നതിന് ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഇരുചക്ര വാഹനങ്ങൾ മാറ്റം വരുത്തി റെയിസിംഗിന് ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ നടപടി**

6618 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' വി.പി. സജീന്ദ്രൻ
'' കെ. അച്ചുതൻ
'' ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഇരുചക്ര വാഹനങ്ങൾ മാറ്റം വരുത്തി റെയിസിംഗിന് ഉപയോഗിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തികളെ നിരീക്ഷിക്കാനും നിയന്ത്രിക്കുവാനും എന്തെല്ലാം സംവിധാനമാണ് മോട്ടോർ വാഹന വകുപ്പിനുള്ളത്;

(സി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം**

6619

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്; പ്രസ്തുത പദ്ധതികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ;

(ബി) മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ നിന്ന് ലഭിക്കുന്നവരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ 2006 മുതൽ 2012 മാർച്ച് 31 വരെയുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഭാരം കയറ്റിയ വാഹനങ്ങൾ മൂലം റോഡ് തകരുന്നത് സംബന്ധിച്ച പഠനം**

6620 **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധതരം റോഡുകളിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളിൽ എത്ര അളവുവരെ ഭാരം കയറ്റാം എന്നതിനെ സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർമ്മാണ വസ്തുക്കൾ കയറ്റിയ വാഹനങ്ങൾ സഞ്ചരിക്കുന്നതിനാൽ ഗ്രാമീണ റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയമിച്ച് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വാഹനങ്ങളിലെ നയിം ബോർഡുകൾ**

**6621** **ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയുടെ വാഹനങ്ങളിൽ വകുപ്പുതല ബോർഡുകൾ ഉപയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നിലവിലുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ ചില കോർപ്പറേഷനുകൾ ഇപ്രകാരം ചെയ്യാതെ ബന്ധപ്പെട്ട വകുപ്പുകളുടെ ബോർഡുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(സി) **നിയമാനുസൃതമല്ലാത്ത ബോർഡുകൾ, കളറുകൾ എന്നിവ ഉപയോഗിക്കുന്നത് തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കൊടുവള്ളി ജെ. ആർ. ടി. ഒ. യ്ക്കെതിരെ പരാതി**

**6622 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവർണ്ണറുടെ മരണത്തെത്തുടർന്ന് അവധി പ്രഖ്യാപിച്ച ദിവസം (02-02-2012) രജിസ്ട്രേഷൻ നടപടികൾ നടക്കാതെവന്ന വാഹനങ്ങൾക്ക് കൊടുവള്ളി ജോയിന്റ് ആർ. ടി. ഒ. അടുത്ത ദിവസം 2000 രൂപ ഫൈൻ അകാരണമായി ചുമത്താൻ ശ്രമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നത ഇടപെടലിനെത്തുടർന്ന് അനാവശ്യ ഫൈൻ ഒഴിവാക്കിയെങ്കിലും, വാഹനങ്ങളുടെ ആർ. സി. ബുക്കുകൾ പിടിച്ചുവച്ചിട്ടുള്ള കാര്യം പരിശോധിക്കുമോ;

(സി) അനാവശ്യമായി പിടിച്ചുവച്ചിട്ടുള്ള ആർ. സി. ബുക്കുകൾ ഉടമകൾക്ക് നല്കുവാൻ അടിയന്തിര നിർദ്ദേശം നല്കുമോ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>കുട്ടനാട്ടിലെ ജോയിന്റ് ആർ. ടി. ഓഫീസ്</u>**

**6623** **ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കുട്ടനാട്ടിൽ ജോയിന്റ് ആർ. ടി. ഓഫീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?**

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലെറ്റ് ട്രൈബ്യൂണൽ</u>

**6624 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിംഗ് കൗൺസിൽ, സ്ഥാപനവുമായി ബന്ധപ്പെട്ട കേസുകളിൽ സ്ഥിരമായി ഹാജരാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ. ടി.സി. റൂട്ട് മാറ്റം സംബന്ധിച്ച് എത്ര കേസുകൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലെറ്റ് ട്രൈബ്യൂണലിൽ വന്നിട്ടുണ്ട്; ആയത് ഏതെല്ലാം കേസുകൾ; കക്ഷികൾ ആരെല്ലാമായിരുന്നു; വ്യക്തമാക്കുമോ;

(സി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലെറ്റ് ട്രൈബ്യൂണലിൽ വന്നിട്ടുള്ള പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ സ്റ്റാൻഡിംഗ് കൗൺസൽ സർക്കാരിന് വേണ്ടി ഹാജരായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഹാജരായില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ സേവനം**

6625 **ശ്രീ. മോൻസ് ജോസഫ്**
**,, റ്റി.യു. കുരുവിള**
**,, സി.എഫ്. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ സേവനം സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി യുടെ ബാധ്യതകൾ ഏറ്റെടുത്ത് ജീവനക്കാരെയും പെൻഷൻകാരെയും സഹായിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം സംബന്ധിച്ച് കൺസൾട്ടൻസി പഠനം**

6626 ശ്രീ. എൻ. എ നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം സംബന്ധിച്ച് വർമ്മ ആന്റ് വർമ്മ എന്ന കൺസൾട്ടൻസി പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരമൊരു പഠനം നടത്തുന്നതിന് ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പഠനം നടത്തുന്നതിന് ഈ കൺസൾട്ടൻസിയെ നിയോഗിച്ചത് ആരായിരുന്നു;

(ഡി) പ്രസ്തുത കൺസൾട്ടൻസി ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ കൺസൾട്ടൻസിക്ക് ഇക്കാര്യത്തിന് എന്ത് തുക നൽകി;

(എഫ്) ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകിയത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട കേസുകൾ</u>

6627 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് എത്ര റൂട്ട് കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ ഹൈക്കോടതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്നും അറിയിക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര റൂട്ട് കേസുകൾ തീർപ്പായിട്ടുണ്ടെന്നും അതിൽ എത്ര കേസുകൾ കോർപ്പറേഷന് അനുകൂലമായി വിധിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷനുവേണ്ടി കേസുകൾ വാദിക്കുവാൻ എത്ര സ്റ്റാൻഡിംഗ് കൗൺസൽമാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർക്കായി കഴിഞ്ഞ ഒരു വർഷം എത്ര രൂപ പ്രതിഫലമായി നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. കേസുകൾക്കായി ഹാജരാവുന്ന സ്റ്റാൻഡിംഗ് കൗൺസൽമാരുടെ പ്രതിഫലം നൽകുന്നതിന്റെ മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം സംബന്ധിച്ച് 'വർമ്മ ആന്റ് വർമ്മ' സ്വകാര്യ കൺസൽട്ടൻസിയുടെ പഠനം**

**6628 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം സംബന്ധിച്ച് 'വർമ്മ ആന്റ് വർമ്മ' എന്ന സ്വകാര്യ കൺസൽട്ടൻസി ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകളിൽ ഗണ്യമായ കുറവ്</u>

6629 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ ഗണ്യമായി കുറവ് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവം ഉണ്ടാകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) തൊഴിലാളികളുടെ ദൗർലഭ്യം കോർപ്പറേഷനിൽ അനുഭവപ്പെടുന്നുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം**

6630 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഇതുവരെയുള്ള സഞ്ചിത നഷ്ടം എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ബസ്സുകളുടെ തേയ്മാന ചെലവായി എത്ര ശതമാനമാണ് ഓരോ വർഷവും ഓരോ ബസ്സുകൾക്കും ചാർജ് ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) തേയ്മാനം ഓരോ വർഷവും ചാർജ് ചെയ്തതിനു ശേഷം 10 വർഷമായ ഒരു ബസ്സിന് ബാലൻസ് ഷീറ്റിൽ എത്രയാണ് വിലയുണ്ടാവുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 12.07.2012 -ലെ മറുപടിക്ക്

**<u>ഡീസൽ ക്ഷാമംമൂലം കെ. എസ്. ആർ. ടി. സി.യ്ക്ക് നഷ്ടം</u>**

**6631 ശ്രീ. മാത്യു. റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു മാസക്കാലമായി ഡീസൽക്ഷാമംമൂലം കെ. എസ്. ആർ. ടി. സി.യുടെ എത്ര ഷെഡ്യൂളുകൾ മുടങ്ങിയിട്ടുണ്ട്;

(ബി) ഡീസൽക്ഷാമംമൂലം കെ. എസ്. ആർ. ടി. സി.യ്ക്ക് എത്ര രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) നിലവിൽ ഓയിൽ കമ്പനികൾക്ക് കെ. എസ്. ആർ. ടി. സി. എത്ര രൂപ കൊടുക്കുവാനുണ്ട്;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.യുടെ പ്രതിദിന നഷ്ടം</u>

**6632 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ പ്രതിദിന നഷ്ടം എത്രയാണ്; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കെ. എസ്. ആർ. ടി. സി.യുടെ നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കും എന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏത് തരത്തിലുള്ള പാക്കേജാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നല്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ റൂട്ട് സംബന്ധമായ കേസുകൾ**

**6633 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റൂട്ട് സംബന്ധിച്ച കേസുകളിൽ സ്വകാര്യ ബസ്സ് ലോബിയുടെ ഇടപെടൽ മൂലം കെ.എസ്.ആർ.ടി.സി. ഭൂരിപക്ഷം കേസുകളിലും പരാജയപ്പെടുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി.സി ബസ്സുകളിലെ യാത്രാസൗകര്യങ്ങൾ**

6634 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എസ്. രാജേന്ദ്രൻ
,, ജെയിംസ് മാത്യു
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി.സി ബസ്സുകളിലെ യാത്ര കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും സ്വകാര്യ ബസ്സുകളെക്കാൾ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ബി) കെ. എസ്. ആർ. ടി. സി. കൂടുതൽ ദീർഘദൂര ബസ്സുകളിൽ എ. സി., പുഷ്ബാക്ക്, സ്ലീപ്പർ സംവിധാനങ്ങൾ ഏർപ്പെടുത്തിയും യാത്രാസമയം കുറച്ചുകൊണ്ടും കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അന്തർ സംസ്ഥാന എ. സി. ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും കാരണമെന്തെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ

## 12.07.2012 -ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ രാജധാനി റിംഗ് റോഡ് സർവ്വീസ്</u>

6635 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ രാജധാനി റിംഗ് റോഡ് എക്സ്പ്രസ് ഏതൊക്കെ ജില്ലകളിലാണ് സർവ്വീസ് നടത്തു
ന്നത് ; മറ്റ് സർവ്വീസുകളിൽ നിന്നും രാജധാനി റിംഗ് റോഡ് എക്സ്പ്രസ് സർവ്വീസ് എപ്രകാരമാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് ;

(ബി) കണ്ണൂർ ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പഴയങ്ങാടി വഴി പയ്യന്നൂരിലേക്ക് രാജധാനി റിംഗ് റോഡ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**12.07.2012 -ലെ മറുപടിക്ക്**

**<u>കെ.എസ്.ആര്‍.ടി.സി.യുടെ ദേശസാല്‍ക്കരിക്കപ്പെട്ട റൂട്ടുകള്‍</u>**

**6636 ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.യുടെ ദേശസാല്‍ക്കരിക്കപ്പെട്ട റൂട്ടുകള്‍ ഏതെല്ലാമെന്നും ഭാഗികമായി ദേശസാല്‍ക്കരിക്കപ്പെട്ട റൂട്ടുകള്‍ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നോട്ടിഫൈഡ് റൂട്ടുകളില്‍ കെ.എസ്.ആര്‍.ടി.സി. സര്‍വ്വീസ് നടത്തുന്ന റൂട്ടുകള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയില്‍ നിലവില്‍ കെ.എസ്.ആര്‍.ടി.സി.സര്‍വ്വീസ് നടത്തുന്ന ഉള്‍നാടന്‍ ഷെഡ്യൂളുകള്‍ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വികലാംഗർക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്രാ കൺസഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി**

**6637**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി ഗതാഗത വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിനും, യാത്രാ കൺസെഷൻ നൽകുന്നതിനും പ്രസ്തുത തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ വികലാംഗർക്ക് കെ.എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്രാ കൺസെഷൻ ലഭ്യമാക്കുന്നതിന് നിലവിലുളള നടപടി ക്രമങ്ങൾ പ്രസ്തുത വിഭാഗത്തെ ഏറെ വിഷമിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ പ്രസ്തുത വിഭാഗത്തിന്റെ യാത്രാ കൺസെഷനുളള മാനദണ്ഡങ്ങളും, നടപടിക്രമങ്ങളും വിശദമാക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വിദ്യാർത്ഥികൾക്ക് കൺസെഷൻ നിഷേധിക്കുന്നതായ പരാതി**

**6638 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നിലേശ്വരത്തിനും കാഞ്ഞങ്ങാടിനും ഇടയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള കൺസെഷനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വീസ് നടത്തുന്നത് ഏത് ഡിപ്പോയിൽ നിന്നാണെന്ന് നോക്കാതെ ഈ റൂട്ടിലെ എല്ലാ ബസ്സുകളിലും കൺസെഷൻ അനുവദിച്ച് വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

### കെ.എസ്. ആർ. ടി. സിയിൽ സീസൺ ടിക്കറ്റ്

6639 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രാരംഭഘട്ടത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം കെ. എസ്. ആർ. ടി.സി ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സീസൺ ടിക്കറ്റ് പ്രകാരം എത്ര ശതമാനം ഇളവ് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ</u>

6640 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിന് ഇത്ര റൂട്ടുകൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ഓപ്പറേറ്റിംഗ് സെന്ററുകൾ ഉണ്ട്?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം**

**6641 ശ്രീ. മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തിരുവല്ലയിൽ നിർമ്മിക്കുന്ന കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഉത്ഘാടനം നിർവ്വഹിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**<u>തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിച്ച പുതിയ റൂട്ടുകൾ</u>**

**6642** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിച്ച പുതിയ റൂട്ടുകളുടെ പേരുവിവരം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. ബസ്സുകളുടെയും പ്രൈവറ്റ് ബസ്സുകളുടെയും ജില്ലതിരിച്ചുള്ള എണ്ണം**

6643 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളുടെയും പ്രൈവറ്റ് ബസ്സുകളുടെയും 2012 ജനുവരി 31 വരെയുള്ള ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ബി) കെ. എസ്. ആർ. ടി. സി. സർവ്വീസ് കുറവുള്ളതോ സേവനം ലഭ്യമാക്കാത്തതോ ആയ റൂട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം റൂട്ടുകളിൽ മതിയായ സർവ്വീസ് നടത്തുവാൻ കഴിയാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**മുഹമ്മ - കുമരകം റൂട്ടിലെ ബോട്ട് സർവ്വീസ്**

**6644 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഹമ്മ - കുമരകം റൂട്ടിൽ മൂന്ന് ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്ന സ്ഥാനത്ത് നിലവിൽ ഒരു ബോട്ടാണ് സർവ്വീസ് നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെട്ടിട്ടുണ്ടോ; നിലവിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ വളരെ കാലപ്പഴക്കം വന്നവയാണെന്നകാര്യം അറിയാമോ; ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ പുതിയ ബോട്ടുകൾ അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കുമരകം - മുഹമ്മ റൂട്ടിൽ മെച്ചപ്പെട്ട ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ - കുമരകം റൂട്ടിലെ പോളക്കെട്ടും ആഴക്കുറവും പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**നേമം നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ**

6645 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ വിശദാംശങ്ങൾ റൂട്ട്, സമയം, ബസ്സിന്റെ പേര് എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ ;

(ബി) അനുവദിക്കപ്പെട്ടതിനുശേഷം റദ്ദാക്കപ്പെടുകയോ സ്വയം ബസ്സുടമ തന്നെ നിർത്തലാക്കി പോവുകയോ ചെയ്ത സ്വകാര്യ ബസ് സർവ്വീസുകൾ പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള അന്തർ സംസ്ഥാന ബസ്സുകൾ**

**6646 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും എത്ര അന്തർ സംസ്ഥാന ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് റൂട്ട് തിരിച്ച് വിശദമാക്കുമോ?**

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ചേർത്തല കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയിലെ ഷെഡ്യൂളുകൾ**

6647 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയിൽ ഷെഡ്യൂളുകൾ പലതും ക്യാൻസൽ ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആവശ്യമായ ബസ്സുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ പരിഗണിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; ആവശ്യമായ ബസ്സുകൾ അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് അനുവദിച്ചു നൽകിയ ബസ്സുകൾ എത്രയാണെന്ന് പറയാമോ ; ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ പിൻവലിച്ചതും ഉപയോഗിക്കാൻ പറ്റാത്തതുമായ ബസ്സുകൾ എത്രയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ദീർഘദൂര സർവ്വീസുകളും സൂപ്പർ എക്സപ്രസ്സ് ബസ്സുകളും ചേർത്തല ഡിപ്പോയിൽ കയറാൻ നടപടി**

**6648 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകളും സൂപ്പർ എക്സ്പ്രസ്സ് ബസ്സുകളും ചേർത്തല ഡിപ്പോയിൽ കയറാതെ ബൈപ്പാസിൽ നിർത്തിയാൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ആരാണ് പ്രസ്തുത ഉത്തരവ് ഇറക്കിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾ ചേർത്തല ബസ്സ്സ്റ്റാന്റിൽ വരാതെ യാത്രക്കാരെ ബൈപ്പാസിൽ ഇറക്കിവിട്ടുപോകുന്നത് സംബന്ധിച്ച പരാതിയും പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ഓച്ചിറ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റേഷൻ ഗ്രൗണ്ട് കെ.എസ്.ആർ.ടി.സി.യ്ക്ക് വിട്ടുകിട്ടുന്നത്**

6649 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ അധീനതയിലുളള ഓച്ചിറ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ ഗ്രൗണ്ട് കെ.എസ്.ആർ.ടി.സിയ്ക്ക് വിട്ടുകിട്ടുന്നതിന് ഏതെങ്കിലും തരത്തിലുളള കോടതി വിധികൾ ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ പ്രസ്തുത ബസ്സ് ഗ്രൗണ്ട് ആരുടെ പേരിലാണ്;

(സി) ബസ് ഗ്രൗണ്ട് കെ.എസ്.ആർ.ടി.സിക്ക് വിട്ടുകിട്ടുന്നതിന് ഏതെങ്കിലും തരത്തിലുളള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**വട്ടിയൂര്‍ക്കാവ് മണ്ഡലത്തില്‍ പുതുതായി അനുവദിച്ച കെ.എസ്.ആര്‍.ടി.സി സര്‍വ്വീസുകള്‍**

**6650 ശ്രീ. കെ. മുരളീധരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വട്ടിയൂര്‍ക്കാവ് നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് 2011 ജൂണ്‍ മുതല്‍ 2012 മെയ് വരെയുളള കാലയളവില്‍ പുതുതായി അനുവദിച്ച കെ.എസ്.ആര്‍.ടി.സി ബസ് സര്‍വ്വീസുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഇവിടേയ്ക്ക് ഏതൊക്കെ സര്‍വ്വീസുകളാണ് പുതുതായി ആരംഭിക്കാന്‍ പരിഗണനയിലുള്ളത് ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കര - നെല്ലിക്കുന്നു - ഉളളന്നൂര്‍ - വാളകം -കൊട്ടാരക്കര
സര്‍ക്കുലര്‍ റൂട്ടില്‍ സ്വകാര്യ ബസ്സുകളുടെ സര്‍വ്വീസ്**

6651 **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കൊല്ലം ജില്ലയില്‍ എത്ര പ്രൈവറ്റ് ബസ് റൂട്ടുകള്‍ക്ക് അനുമതി നല്‍കിയിട്ടുണ്ട് ;

(ബി) പ്രസ്തുത റൂട്ടുകളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(സി) കൊട്ടാരക്കര - നെല്ലിക്കുന്നം - ഉമ്മന്നൂര്‍ - വാളകം കൊട്ടാരക്കര സര്‍ക്കുലര്‍ റൂട്ടില്‍ സ്വകാര്യ ബസ്സുകള്‍ സര്‍വ്വീസ് നടത്തുന്നതിന് ഈ കാലയളവില്‍ അനുമതി നല്‍കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കില്‍ ആര്‍ക്കെല്ലാമാണ് അനുമതി നല്‍കിയിട്ടുളളത് ; പ്രസ്തുത സര്‍വ്വീസിന്റെ സമയക്രമം അറിയിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുക്കൽ**

6652 ശ്രീ. സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി.സി ഏതൊക്കെ തരത്തിലുള്ള സമൂഹ്യപ്രതിബദ്ധത ഏറ്റെടുക്കുന്നുണ്ട്; ഈ ഇനത്തിൽ പ്രതിവർഷം എത്ര തുക കെ. എസ്. ആർ. ടി.സി യ്ക്ക് ചെലവാകുന്നുണ്ട്; വിശദമാക്കുമോ;

(ബി) ജീവനക്കാരുടെ പെൻഷൻ ഇനത്തിൽ കെ. എസ്. ആർ. ടി. സി.യ്ക്ക് ഒരു വർഷം എന്തു തുക ചെലവാകും;

(സി) സാമൂഹ്യ പ്രതിബദ്ധത കെ. എസ്. ആർ. ടി.സി ഏറ്റെടുക്കുന്ന നിലയ്ക്ക് ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012 -ലെ മറുപടിക്ക്

**കെ.എസ്.ഇ.ബി യിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഹോൾഡേഴ്സിന്റെ സ്ഥാനക്കയറ്റം**

**6653 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബിയിൽ സബ് എഞ്ചിനീയർ (സിവിൽ) സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിന് അസിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് ബോർഡിന്റെ അഭിപ്രായം വ്യക്തമാക്കുമോ;

(ബി) സബ് എഞ്ചിനീയർമാരിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഹോൾ ഡേഴ്സിന് പ്രത്യേക ഗ്രഡേഷൻ ലിസ്റ്റ് നിലവിലുണ്ടോ; ആയതു സംബന്ധിച്ച് ഹൈക്കോടതി വിധി നിലനിൽക്കുന്നുണ്ടോ; ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലുള്ള പ്രയോഗിക ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കുമോ?